I/70345/2022

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ**
**ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്**
***(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)***

വിഷയം – ജില്ലാ നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ – ആലപ്പുഴ നഗരസഭ- മുല്ലയ്ക്കൽ വില്ലേജ്- വാസഗൃഹ-വാണിജ്യ കെട്ടിട നിർമ്മാണത്തിന് കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം– 1) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ 19.08.2022-ലെ E3-17098/22 നമ്പർകത്ത്.
2) ശ്രീ. സുധീർ, പുത്തൻചിറ പുത്തൻ വീട്, തിരുമല വാർഡ്, ആലപ്പുഴ-യുടെ 22.09.2022–ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPALP/1293/2022-C/ കെ.ഡിസ് തീയതി : 27-09-2022**

ആലപ്പുഴ നഗരസഭ, മുല്ലയ്ക്കൽ വില്ലേജിൽ, സർവ്വേ നമ്പർ 833/12B (റീസർവ്വേ നമ്പർ: 46)-ൽപെട്ട 417.00 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത്, ശ്രീ. സുധീർ, പുത്തൻചിറ പുത്തൻ വീട്, തിരുമല വാർഡ്, ആലപ്പുഴ എന്നയാൾക്ക് വാസഗൃഹ-വാണിജ്യ ആവശ്യങ്ങൾക്കായുള്ള, ഗ്രൗണ്ട്, ഫസ്റ്റ്, സ്റ്റെയർ ക്യാബിൻ എന്നീ നിലകളുള്ള ആകെ 461.01 ചതുരശ്ര മീറ്റർ {പ്ലോട്ടിൽ നിലവിലുള്ള വാസഗൃഹമുൾപ്പെടെ (നിലവിലുള്ള നിർമ്മാണം : 195.85ച. മീറ്റർ, നിർദ്ദിഷ്ട നിർമ്മാണം : 265.16ച. മീറ്റർ)} വിസ്തീർണമുള്ള കെട്ടിടം (എഫ്.എസ്.ഐ. : 0.55, കവറേജ് : 61.55%) നിർമ്മിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR-2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
5. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
6. KMBR-2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
8. അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം സ്പെഷ്യൽ സോൺ-6 ആയ ഗ്രീൻ സ്ട്രിപ്പ് കൺസർവേഷൻ സോണിൽ ഉൾപ്പെടുന്ന ടി വസ്തുവിൽ കനാൽ ജലപാതയിൽ നിന്നുമുള്ള ആദ്യ 10 മീറ്ററിനുള്ളിൽ യാതൊരു നിർമ്മാണവും വരുന്നില്ല എന്നും, 10 മുതൽ 20 മീറ്റർ പരിധിയിൽ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം 2 നിലയിലുള്ള കെട്ടിട ഭാഗം വാസഗൃഹാവശ്യത്തിന് മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്നും നഗരസഭാ

സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

9. പ്രസ്തുത നിർമ്മാണം KMBR-2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

(അംഗീകരിച്ച കൺകറൻസ് നമ്പർ 6 /2022)

(ജോസഫ് കെ. എഫ്.)
ടൗൺ പ്ലാനർ
ആലപ്പുഴ

ശ്രീ. സുധീർ,
പുത്തൻചിറ പുത്തൻ വീട്,
തിരുമല വാർഡ്, ആലപ്പുഴ.

പകർപ്പ് :

1) സെക്രട്ടറി, ആലപ്പുഴ നഗരസഭ (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)
2) കരുതൽ ഫയൽ
3) അധികം.